യോഹ. 7:37–39, 8:12 –20

**2023 മാർച്ച് 19**

# വചനസന്ദേശം

**ഫാ. നിഖിൽ പടയാട്ടി**

## <u>പ്രകാശത്തിൽ ജീവിക്കുക</u>

''പ്രകാശത്തെ നോക്കി നടക്കുക. നിന്റെ ജീവിതത്തിന്റെ നിഴലുകൾ പുറകിലേക്ക് മറിഞ്ഞുവീഴുന്നത് നീ കാണും.'' – ക്രിസ്താനുകരണം

ഇന്നത്തെ വചനഭാഗം ക്രിസതുവിനെ രണ്ട് പ്രതീകങ്ങളായി നമുക്ക് വരച്ചുകാട്ടുകയാണ്. ഒന്നു ജീവന്റെ ജലവും, രണ്ട് ലോകത്തിന്റെ പ്രകാശവും. റൂമിയുടെ അതിമനോഹരമായ ഒരു ചിന്ത ഇങ്ങനെ ആണ്; Don't you know yet? It is your light that light the world. മാനവകുലത്തിന്റെ രക്ഷകനായി നമ്മൾ പ്രഘോഷിക്കുന്ന ഈശോയെ വലയം വച്ച് നാം ജീവിക്കുമ്പോൾ ഈ ചോദ്യം നമുക്ക് നേരെ ആവർത്തിക്കപ്പെടുകയാണ്. നീ ഒരു പ്രകാശമായി മാറുന്നുണ്ടോ?

'നിത്യമാം പ്രകാശമേ നയിക്കുകെന്നെ നീ...' എന്ന പ്രാർത്ഥന ഉരുവിടുമ്പോൾ, കാലങ്ങൾക്കപ്പുറം ആ പ്രകാശത്തിന്റെ ചൂരും ചൂടും അറിഞ്ഞു മറ്റൊരു പ്രകാശമായി നീ മാറുന്നുണ്ടോ എന്ന ചോദ്യം ജല്പ്പനങ്ങൾ പോലെ നിനക്ക് നേരെ ഇന്നു പെയ്തിറങ്ങുകയാണ്.

ആത്മാവിഷ്കാരത്തിന്റെ ഈ യാത്രയിൽ പ്രകാശമാകുന്നതാണ് ഓരോ മനുഷ്യജന്മത്തിന്റെയും ദൈവവിളി. മനുഷ്യന് എത്രത്തോളം ദൈവത്തോട് ചേർന്നു നടക്കാം എന്നു ക്രിസ്തു നമ്മെ കാണിച്ചു തരുമ്പോൾ ചോദ്യം വീണ്ടും ആവർത്തിക്കപ്പെടുകയാണ്, ആ പ്രകാശത്തെ വലയം വെയ്ക്കുന്ന നീ അപ രന്റെ ജീവിതത്തിലെ പ്രകാശമാകുന്നുണ്ടോ? ജീവിതയാത്രയുടെ കൂരിരുട്ടിൽ നിന്റെ സഹോദരൻ തപ്പിത്തടയുമ്പോൾ നീ ഒരു പ്രകാശമാകുന്നുണ്ടോ?

സാരമില്ല എന്നു പറഞ്ഞ് തട്ടി;
എന്റേതാണ് എന്ന് ചേർത്തു പിടിച്ച്;
കുറ്റബോധത്തിന്റെ തീക്കനലിൽ അവൻ വെന്തുരുകുമ്പോൾ മാപ്പു കൊടുത്ത്,
വരൂ, എന്നു പറഞ്ഞ് നിന്റെ ശത്രുവിനെ പോലും മാറോടു ചേർത്തു പിടിച്ച്;
ഞാനുണ്ട് എന്ന് ഒറ്റപ്പെട്ടവനെ ധൈര്യപ്പെടുത്തി.
ഒത്തിരി ഇഷ്ടമാട്ടോ എന്ന് ഓമനിച്ചു

നീ കടന്നുപോകുമ്പോൾ, നീ പ്രകാശമായി മാറുകയാണ്. അങ്ങനെ ആലോചിക്കുമ്പോൾ പ്രകാശത്തെക്കുറിച്ചുള്ള ചിന്ത പോലും എത്രയോ പ്രസാദാത്മകമാണ്.

നമ്മുടെ ജീവിതം പ്രകാശമയമാകുന്നതും അന്ധകാരമയമാകുന്നതും ഒരേയൊരു കാര്യത്തെ ആശ്രയിച്ചാണ്, നമ്മൾ എത്രമാത്രം പ്രകാശത്തോട് ചേർന്നു നില്ക്കുന്നു. *ക്രിസ്താനുകരണം* എന്ന പുസ്തകത്തിൽ പറയുന്നതുപോലെ, 'പ്രകാശത്തെ നോക്കി നടക്കുക. നിന്റെ ജീവിതത്തിന്റെ നിഴലുകൾ പുറകിലേക്ക് മറിഞ്ഞുവീഴുന്നത് നീ കാണും.'

ബലഹീനതകളുടെ സമുച്ചയമാണ് മനുഷ്യജീവിതം എന്ന് നമുക്കറി യാം. നിന്റെ ജീവിതത്തിലെ ഇരുട്ട് നിന്നെ വിട്ടുപോകണമെന്നില്ല. നിന്റെ ബല ഹീനതകൾ ആകുന്ന നിഴലുകൾ നിന്റെ കൂടെ ഉണ്ടാകാം. പക്ഷേ നീ ക്രി സ്തുവാകുന്ന പ്രകാശത്തെ നോക്കി നടന്നാൽ ആ ബലഹീനതകളാകുന്ന ഇരുട്ട് നിന്റെ പുറകിലേക്ക് മറിഞ്ഞു വീഴുന്നത് നീ കാണും. യൂദാസ് എന്ന വ്യക്തിയെ സുവിശേഷകൻ വരച്ചുകാട്ടുന്നത് ഒരേയൊരു വാചകത്തിലാണ്, 'പുറത്ത് ഇരുട്ടായിരുന്നു.' ക്രിസ്തുവിന്റെ തിരുവത്താഴത്തിൽനിന്ന്, ആ പ്രകാശ ത്തിൽനിന്ന്, ഇറങ്ങി പോയവനെ ഇതിലും വ്യക്തമായി വരച്ചുകാട്ടുവാൻ സാധിക്കുകയില്ല. ഇന്നും ആ ആത്മീയ സാന്നിധ്യത്തിൽനിന്നു നാം ഒരു Walk-Out നടത്തുന്നുണ്ടെങ്കിൽ നമ്മൾ ഇരുട്ടായി മാറുകയാണ്. ചന്ദ്രൻ സ്വയം പ്രകാശമാകുന്നില്ലെങ്കിൽ കൂടിയും സൂര്യനിൽനിന്നു പ്രകാശമുൾക്കൊണ്ട് പ്രകാശവാഹകനാകുന്നതുപോലെ ക്രിസ്തുവിനോടു ചേർന്നു നിൽക്കുമ്പോൾ ഓരോ മനുഷ്യജീവിതവും പ്രകാശവാഹകരാകും. ജീവിക്കുന്നതെന്ന് കരുതിയ വരെല്ലാം ജീവിക്കുന്നില്ല; മരിച്ച ചിലരാകട്ടെ ഏതോ കാലത്തിന്റെ കടൽനീന്തി നമ്മുടെ തീരത്ത് സജീവരായി നിൽക്കുന്നു. ചില മനുഷ്യർ കാലങ്ങളും കാത ങ്ങളും കടന്ന് ഇന്നും നമുക്കിടയിൽ ജീവിക്കുന്നുണ്ടെങ്കിൽ അത് അവരിലെ പ്രകാശമൊന്നുകൊണ്ടു മാത്രമാണ്. ഇന്നും

ജീവിതപ്രതിസന്ധികൾ മുന്നോട്ടു വരുമ്പോൾ മനുഷ്യൻ 'എന്റെ പുണ്യളാ' എന്നു വിളിക്കുന്നത് അവന്റെ നെഞ്ചിൽ കാലങ്ങൾക്കപ്പുറം പതിഞ്ഞ ആ വിശുദ്ധ ജീവിതമാണ്. എന്തേ നമ്മുടെ ജീവിതം ഇതുപോലെ മനുഷ്യജീവിതങ്ങളെ തൊടാത്തത് എന്ന ചോദ്യം നമ്മൾ ആത്മശോധനയ്ക്ക് വിധേയമാക്കേണ്ട വിഷയമാണ്. എവിടെ യൊക്കെയോ പ്രകാശമാകേണ്ട നാം അന്ധകാരമായി പോകുന്നു.

രണ്ട് സഹോദരന്മാർക്കിടയിലൂടെ ഒരു നാണയം എറിയപ്പെടുകയാണ്. രണ്ടു പേരും ചിത്രരചനയിൽ കലാവാസനയുള്ളവർ. എന്നാൽ കൊടിയ ദാരിദ്ര്യം കുടുംബത്തെ വരിഞ്ഞുമുറുക്കിയപ്പോൾ ഒരുവൻ പഠിക്കാനും അപരൻ സഹോദരന് പഠിക്കാനുള്ള പണം കണ്ടെത്തുവാൻ കൽക്കരിഖനിയി ലേക്കും പോകണം. അത് ആരു പോകണമെന്നു നാണയമിട്ടു തീരുമാനിക്കു ന്നതാണ് അവിടെ അരങ്ങേറുന്നത്. അങ്ങനെ ആൽബർട്ട് കൽക്കരി ഖനിയി ലേക്കും അൽബ്രഷ് പഠിക്കാനായി സർവകലാശാലയിലേക്കും പോകുന്നു. കാലങ്ങൾ കടന്നുപോകുന്നു. പഠനം പൂർത്തിയാക്കി വരുന്ന അൽബ്രഷിന് ഒരു സ്വീകരണ വിരുന്നൊരുക്കുകയാണ് കുടുംബം. ആ വിരുന്നിനിടയിലും ആൽബ്രഷ് തേടിയത് ആൽബർട്ടിനെയായിരുന്നു. ആൽബർട്ടിനെ കണ്ട മാത്രയിൽ ആൽബ്രഷ്, ആൽബർട്ടിനെ ചേർത്തുപിടിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു, ''ഇനി നിന്റെ ഊഴമാണ്.'' തന്റെ അനുജനു നേരെ കൈകൾ നീട്ടിപ്പിടിച്ചു കൊണ്ട് ആൽബർട്ട് പറഞ്ഞു, ''ഇനി എനിക്ക് അതിനാകുമെന്ന് തോന്നുന്നില്ല.'' കൽക്കരിഖനിയിലെ കഠിനമായ ജോലി കൊണ്ട് ആ കൈകൾക്ക് രൂപം നഷ്ട പ്പെട്ടിരിക്കുന്നു; വിരലുകൾ എല്ലാം വളഞ്ഞിരിക്കുന്നു. ഇനി ചിത്രം വരയ്ക്കു വാനാകുമെന്ന് തോന്നുന്നില്ല. തന്റെ സഹോദരൻ തനിക്കുവേണ്ടി ഉരുകി തീർ ന്ന കഥ കേട്ടപ്പോൾ ആൽബ്രഷിന് പിന്നെ അങ്ങോട്ട് ഉറക്കമില്ലാത്ത രാത്രി കളായിരുന്നു. അങ്ങനെ ഉറക്കംകെട്ട ഒരു രാത്രിയിൽ ആൽബ്രഷ് തന്റെ പെയിന്റും ബ്രഷും എടുത്ത് തന്റെ ജേഷ്ഠന്റെ കരങ്ങൾ വരച്ചു ഇന്നും 'ദ പ്രെയിംഗ് ഹാൻഡ്സ്' എന്ന പേരിൽ ആ ചിത്രം പ്രസിദ്ധമാണ്. ആ അനുജന് വഴികാട്ടിയായി മാറിയ ജ്യേഷ്ഠന്റെ കരങ്ങൾ പ്രാർത്ഥിക്കുന്ന കരങ്ങൾ ആകു ന്നതുപോലെ, അപരനുവേണ്ടി വഴികാട്ടിയായി നീ നിലകൊള്ളുമ്പോഴൊക്കെ നിന്റെ ജീവിതം പ്രാർത്ഥനയുടെ ജീവിതമായി മാറുകയാണ്. 'അവൻ പറഞ്ഞ വാക്കുകളേക്കാളും പ്രവർത്തിച്ച അത്ഭുതങ്ങളേക്കാളും അത്ഭുതം അവൻ തന്നെയായിരുന്നു' എന്നു പറഞ്ഞ റൂമിയുടെ വാക്കുകൾ ചേർത്ത് വായിക്കു മ്പോൾ അത്ഭുതമാകേണ്ടത് നമ്മുടെ വാക്കുകളല്ല നമ്മുടെ ജീവിതം തന്നെ യാണ്.

എ